**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1608** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>റേഷൻ കടകളും കെ-സ്റ്റോറുകളും ജനോപകാരപ്രദമാക്കുന്നതിനുള്ള നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** റേഷൻ കടകളും കെ-സ്റ്റോറുകളും കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** റേഷൻ കടകളെ കൂടുതൽ ജനോപകാരപ്രദമാക്കി മാറ്റുന്നതിനായി കെ-സ്റ്റോർ പദ്ധതി ആരംഭിച്ചിട്ടുള്ളത്. നിലവിൽ സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ചോട്ടു ഗ്യാസ് (5kg), വ്യവസായ വകുപ്പിന് കീഴിലുള്ള MSME കൾ (Micro Small and Medium Enterprises) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഉത്പന്നങ്ങൾ, CSC സേവനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്.

കെ-സ്റ്റോറിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിരവധി പരാതികൾ ഇതിനോടകം ലഭിച്ചിട്ടുണ്ട്. കെ-സ്റ്റോറിന്റെ പ്രവർത്തനങ്ങൾ സർക്കാർ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നു. ആവശ്യമെങ്കിൽ കെ-സ്റ്റോറിന്റെ പ്രവർത്തനങ്ങളിൽ മാറ്റങ്ങൾ കൊണ്ടുവരുന്ന കാര്യം പരിശോധിക്കുന്നതാണ്.

**(ബി)** നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ ലഭ്യമാക്കുന്നതിന് ഇത്തരം കേന്ദ്രങ്ങളെ ഉപയോഗപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** പൊതുമേഖലയിൽ ഉൽപാദിപ്പിക്കുന്ന സാധനങ്ങളും, MSME ഉൽപ്പന്നങ്ങളും ഉൽപാദകർ പൊതുവിപണിയിൽ ലഭ്യമാക്കുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് റേഷൻ വ്യാപാരികൾക്ക് ലഭ്യമാക്കുന്നതിനാണ് പൊതു മേഖലാ സ്ഥാപനങ്ങളുമായും വ്യവസായ വകുപ്പുമായും (MSME) ധാരണയിൽ ഏർപ്പെട്ടിട്ടുള്ളത്. MRP യിൽ നിന്നും ചെറിയ ഒരു വിലക്കുറവിൽ ഉപഭോക്താക്കൾക്ക് വിൽക്കാൻ കഴിയാവുന്ന തരത്തിലാണ് ഇതിനായി ക്രമീകരണം ചെയ്തിട്ടുള്ളത്. ആയതോടൊപ്പം കേന്ദ്ര പൊതുമേഖല എണ്ണ കമ്പനികളിൽ നിന്നും ചോട്ടു ഗ്യാസ് അടക്കമുള്ള സിലിണ്ടറുകൾ വിതരണം ചെയ്യുന്നതിനും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**